Lesson-7
പാഠം – 7

# ലോത്തിന്റെ തിരഞ്ഞെടുപ്പ്
# Lot's Selection

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

**അവരെ പുറത്തുകൊണ്ടുവന്ന ശേഷം അവൻ ജീവരക്ഷക്കായി ഓടിപ്പോക;**
**പുറകോട്ടു നോക്കരുത്; ഈ പ്രദേശത്തെങ്ങും നില്ക്കയുമരുത്;**
**നാശം ഭവിക്കാതിരിപ്പാൻ പർവ്വതത്തിലേക്ക് ഓടിപ്പോക എന്നു പറഞ്ഞു. ഉല്പത്തി 19:17**

And as they brought them out, one said, “Escape for your life.
Do not look back or stop anywhere in the valley.
Escape to the hills, lest you be swept away.” Genesis 19:17

**പാഠഭാഗം:- ഉല്പത്തി 13:7-18, 19:1-28**

അബ്രഹാം കനാൻ ദേശത്ത് എത്തിച്ചേർന്നതിനെപ്പറ്റി കഴിഞ്ഞ ക്ലാസിൽ നിങ്ങൾ പഠിച്ചുവല്ലോ. അബ്രഹാമിന്റെ കൂടെ സഹോദരപുത്രനായ ലോത്തും കനാൻ ദേശത്ത് എത്തി. അബ്രഹാമിനും ലോത്തിനും ധാരാളം ആടുമാടുകൾ ഉണ്ടായിരുന്നു. അബ്രഹാമിന്റെയും ലോത്തിന്റെയും ആടുകളെ മേയിക്കുന്ന ഇടയന്മാർ തമ്മിൽ തീറ്റ സ്ഥലത്തെച്ചൊല്ലിയും വെള്ളത്തെച്ചൊല്ലിയും വഴക്കുണ്ടാക്കിയപ്പോൾ അബ്രഹാം ലോത്തിനോടു പറഞ്ഞു "നമ്മൾ തമ്മിൽ കലഹിക്കരുത്. നമ്മുടെ ഇടയന്മാർ തമ്മിലും ശണ്ഠയിടരുത്. നാം പാർക്കുന്ന ദേശം വളരെ വലുതാകുന്നു. ഈ ദേശം ദൈവം എനിക്കു തരാം എന്നു പറഞ്ഞിരുന്നു. അതിനാൽ നിന്റെ ആടുകളെ മേയിക്കുന്നതിനു കൊള്ളാവുന്ന സ്ഥലം നീ തിരഞ്ഞെടുത്തുകൊൾക. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പോകാം" അതു ശരിയാണന്ന് ലോത്തിന് തോന്നി. അവൻ നീരോട്ടമുള്ള നല്ല ദേശം നോക്കി തിരഞ്ഞെടുത്തു. അബ്രഹാമിന്റെ ആടുകൾക്ക് തീറ്റ ലഭ്യമാണോ എന്നു നോക്കിയില്ല. സ്വന്തം കാര്യം മാത്രം നോക്കി. സോദോം എന്നായിരുന്നു ലോത്ത് തിരഞ്ഞെടുത്ത സ്ഥലത്തിന്റെ പേര്. അവിടെ ദൈവത്തെ ആരാധിക്കുവാൻ ആരുമില്ലായിരുന്നുവെങ്കിലും ലോത്ത് അതൊന്നും ചിന്തിക്കാതെ നന്മ നോക്കി അവിടേക്ക് തിരിച്ചു.

എന്നാൽ സോദോം നഗരം ദുഷ്ടന്മാർ നിറഞ്ഞ സ്ഥലമായിരുന്നതിനാൽ ദൈവം ആ നഗരത്തെ നശിപ്പിക്കുവാൻ തീരുമാനിച്ചു. അബ്രഹാമിന്റെ സ്വന്തക്കാരനായതുകൊണ്ട് ലോത്തിനെ എങ്ങനെയെങ്കിലും രക്ഷിക്കാൻ ദൈവദൂതന്മാർ ശ്രമിച്ചു. "ജീവരക്ഷക്കായി ഓടിപ്പൊയ്ക്കൊൾക, പുറകോട്ടു നോക്കരുത്" എന്ന് ലോത്തിനോടും കുടുംബത്തോടും ദൈവദൂതന്മാർ പറഞ്ഞു. പക്ഷെ, ഓടുമ്പോൾ ലോത്തിന്റെ ഭാര്യ തിരിഞ്ഞു നോക്കി, ഉപ്പുതൂണായി മാറി. ലോത്തും രണ്ടു പെൺമക്കളും ഒരു വിധത്തിൽ രക്ഷപ്പെട്ടു. സോദോമിനെ തീയിറക്കി ദൈവം നശിപ്പിച്ചു.

**സന്ദേശം: പുറമെ നല്ലതെന്നു കാണുന്നതു കണ്ട് തിരഞ്ഞെടുപ്പ് നടത്തരുത്, ദൈവത്തെക്കൂടാതെയുള്ള തിരഞ്ഞെടുപ്പ് നല്ലതായി വരികയില്ല.**

## Reading Ref: - Genesis13: 7-18, 19:1-28.

We have learned how Abraham reached the land of Canaan in the previous class.Lot, the son of Abraham's brother also reached there with him.

Abraham and Lot had plenty of cattle and sheep. Once there was a conflict between the herdsmen of Abraham and Lot regarding the pastures and water to feed the cattle and herds. Abraham called Lot and told him: "Let there be no discord between us and our herdsmen. The land we stay is very big and is open before you. God has promised me the land to dwell but you can choose whichever place you feel good for your flock. If you are opting to go left I will choose the right". Lot assumed that it was a good idea and chose the area near the banks of Jordan. He never bothered whether there were sufficient pastures for Abraham's flock and cattle but was interested only for his own safety. The place chosen by Lot was Sodom and the people who lived there were not interested to worship God. Still Lot decided to choose such a place to live.

The people of Sodom were extremely wicked and these sinners never wanted to change. God wanted to destroy Sodom because of the height of their sins. The angels, who came to destroy Sodom, wanted to save Lot and his own people, since he was the nephew of Abraham. Angels told him and his family. "Run for your life. Never turn back". But while running, Lot's wife disobeyed and turned back and she became a

"pillar of salt". Lot and his two daughters ran to the nearby place and escaped from the destruction with great difficulty. God destroyed Sodom by fire from above.

**Message: Never make a selection just by the outward appearance. Any choice we make without God's counsel may end up as wrong one at the end.**

## പ്രവർത്തനം Activity



### ഉത്തരമെഴുതുക

1. ലോത്ത് തിരഞ്ഞെടുത്ത പ്രധാനസ്ഥലം ഏത്?
   Which was the place lot selected?
2. ഉപ്പുതൂണായി തീർന്നത് ആര്?
   Who became a piller of salt?
3. അബ്രഹാമും ലോത്തുമായി പിരിയുവാൻ കാരണമെന്ത്?
   What was the reason for the seperation of Abraham & Lot?
4. സോദോമിനെ എന്തുകൊണ്ടാണ് ദൈവം നശിപ്പിച്ചത്?
   Why did God destroy Sodom?

## ബൈബളിൽ നിന്നും കണ്ടെത്തുക
## Find out from Bible

**സോദോം നിവാസികൾക്കുള്ള നാല് സ്വഭാവം എഴുതുക**

Four characters of Sodomites




പടം വരച്ച് നിറം കൊടുക്കുക

**Draw the picture and colour it**





ലോത്തിന്റെ തെറ്റുകൾ
ബൈബിളിൽ നിന്നും കണ്ടു പിടിക്കുക

**Find out how Lot did wrong from the Bible**



..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................